(ബി) ഉണ്ട്. 2015 ജൂലൈ മാസത്തോടുകൂടിയാണ് ഉപകരണങ്ങളുടെ വിതരണം പൂർത്തിയാക്കിയത്.

(സി) കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽതന്നെ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് നിലനിർത്തുവാനാണ് അന്തിമ തീരുമാനം. ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റിനുവേണ്ടി വിതരണം ചെയ്ത ഉപകരണങ്ങൾ ഒന്നും തന്നെ തിരിച്ചുകൊണ്ടുപോയിട്ടില്ല.

നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

70 (759) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്കു ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളും ആയതിന്റെ പ്രവർത്തന പുരോഗതിയും അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16-ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി Setting up of Dialysis Units in Major Hospitals എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നെടുങ്ങോലം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി ഉപകരണങ്ങൾ, ഫർണിച്ചർ, മരുന്ന് എന്നിവയ്ക്കായി 170 ലക്ഷം രൂപ കെ.എം.എസ്.സി.എൽ.-ലേക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി. കൂടാതെ കെട്ടിട നിർമ്മാണത്തിനും കരാർ ജീവനക്കാർക്ക് പ്രതിഫലം നൽകുന്നതിനുമുള്ള ഫണ്ട് കൈമാറുന്നതിനും ഉള്ള നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കി ജീവനക്കാരെ നിയമിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly